4. നികുതി കുടിശ്ശിക പിരിക്കുന്നതിനുവേണ്ടി 2004 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രത്യേക സെറ്റിൽമെന്റ് സ്കീം കൊണ്ടുവരികയും തൽഫലമായി 23.15 കോടിയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു.

മറ്റു നികുതികളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

## വിവിധ കോടതികളിൽ നിലവിലുള്ള സെയിൽസ് ടാക്സ് കേസുകൾ

3 [1720] ശ്രീ. സി. പി. മുഹമ്മദ് :
" കടവൂർ ശിവദാസൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. അച്ചുതൻ :
" കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 31-12-2004-ലെ കണക്കനുസരിച്ച് എത്ര തുകയുടെ സെയിൽസ് ടാക്സ് കേസുകൾ വിവിധ കോടതികളുടെ മുമ്പിൽ ഉണ്ട് ;

(ബി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് വിവിധ അധികാരസ്ഥൻമാരുടെ മുമ്പാകെ ഉള്ള എത്ര തുകയുടെ എത്ര വിൽപ്പന നികുതി കേസുകൾ ഉണ്ട് ;

(സി) പ്രസ്തുത ഇനങ്ങളിൽ ഏറ്റവും കാലപ്പഴക്കമുള്ള കേസിന്റെ പഴക്കമെത്ര യാണ് ;

(ഡി) സെയിൽസ് ടാക്സ് കേസുകൾമൂലം ഗവൺമെന്റിനു ലഭിക്കാനുള്ള പണം ട്രഷറിയിൽ അടയ്ക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്നുണ്ടോ ;

(ഇ) എങ്കിൽ പണം അടച്ചതിനുശേഷം കേസ് നൽകുകയും കേസിന്റെ അവസാനത്തിൽ വിധിയോ തീരുമാനമോ കഴിച്ചുള്ള തുക റീഫണ്ട് ചെയ്യുകയോ ഭാവി നികുതിയിലേക്ക് വകവയ്ക്കുകയോ ചെയ്യുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ ?

### ഉത്തരം

(എ) 31-12-2004-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 782.22 കോടി രൂപയുടെ സെയിൽസ് ടാക്സ് കേസുകൾ വിവിധ കോടതികളുടെ മുമ്പിലുണ്ട് . കൂടാതെ 1531 കോടി രൂപയുടെ കേസുകൾ വിവിധ അപ്പലേറ്റ് ട്രൈബ്യൂണലുകളുടെ മുമ്പാകെയുണ്ട്.

(ബി) 31-12-2004-ലെ കണക്കനുസരിച്ച് വിവിധ അധികാരസ്ഥൻമാരുടെ മുമ്പാകെ 97.23 കോടി രൂപയുടെ 9814 വിൽപ്പന നികുതി കേസുകൾ ഉണ്ട്.

(സി) പ്രസ്തുത ഇനങ്ങളിൽ ഏറ്റവും കാലപ്പഴക്കമുള്ള കേസ് 1974-75 വർഷത്തെ നികുതിയെ സംബന്ധിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സെയിൽസ് ടാക്സ് കേസുകളിൽ കോടതി സ്റ്റേ നൽകുന്ന കേസുകളിൽ ട്രഷറിയിൽ പണം അടയ്ക്കുന്നതിൽ കാലതാമസം ഉണ്ടാക്കാറുണ്ട് ;

(ഇ) പണം അടച്ചതിനുശേഷം കേസ് നൽകിയാൽ കേസിന്റെ തീർപ്പ് അനുസരിച്ചുള്ള തുക കഴിച്ച് ബാക്കി റീഫണ്ട് ചെയ്യുന്നതിനും ഭാവി നികുതിയിലേക്ക് ഈ തുക വേണമെങ്കിൽ വക കൊള്ളിക്കുന്നതിനും വ്യവസ്ഥയുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

4 [1721] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2004-2005 ഫെബ്രുവരി 15-ാം തീയതി വരെ സംസ്ഥാനത്തിന്റെ പൊതു കടം എത്രയായിരുന്നു?

## ഉത്തരം

31-12-2004 വരെയുള്ള താല്ക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ടി താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതു കടം 31-12-2004 വരെ 41,293.37 കോടി രൂപയാണ്.

## ട്രഷറി നിയന്ത്രണം

5 [1722] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും ഇല്ലാതിരുന്ന പ്രവൃത്തി ദിവസങ്ങൾ എത്രയായിരുന്നു ;

(ബി) ട്രഷറി പ്രവർത്തിക്കാതിരുന്ന ദിവസങ്ങൾ എത്രയാണ് ; ഇപ്പോഴും നിയന്ത്രണം നിലനിൽക്കുന്നത് ഏതൊക്കെ വിഭാഗങ്ങൾക്കാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ട്രഷറി നിയന്ത്രണം പൂർണ്ണമായും പിൻവലിക്കുവാൻ തയ്യാറാകുമോ ?

## ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ട്രഷറി നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് 1987 മുതൽ ഏർപ്പെടുത്തിയ ചില ക്രമീകരണങ്ങൾ മാത്രമാണ് യു. ഡി. എഫ്. സർക്കാരും തുടരുന്നത്.

(ബി) ട്രഷറി എല്ലാ ദിവസവും പ്രവർത്തിച്ചിരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.



LIBRARY ARCHIVES Kerala Legislative Assembly